## MV Rules 1989 part 1

● Motor Vehicle Rules 1989 പ്രകാരം Rule 3

ഒരു വ്യക്തി ഡ്രൈവിംഗ് ടെസ്റ്റിന് പങ്കെടുക്കുവാൻ വാഹന പരിശീലനം നടത്തുമ്പോൾ

(a) മതിയായ ലേണേഴ്സ് ലൈസൻസ് കൈവശം ഉണ്ടാകണം.

(b) മതിയായ ലൈസൻസ് കൈയ്യിലുള്ള ഇൻസ്ട്രക്ടർ കൂടെ ഉണ്ടാവണം.

> അദ്ദേഹം വാഹനം നിയന്ത്രിക്കാനും സ്റ്റോപ്പ് ചെയ്യാനും കഴിയുന്ന വിധത്തിലായിരിക്കണം ഇരിക്കേണ്ടത്

(c) വാഹനത്തിൻ്റെ മുൻവശത്തും പിൻവശത്തും 'L' എന്ന ലെറ്റർ ചുവന്ന അക്ഷരത്തിൽ വെള്ള പ്രതലത്തിൽ പ്രദർശിപ്പിച്ചിരിക്കണം.

> L എന്ന അക്ഷരം പ്രദർശിപ്പിക്കുന്ന സമചതുരാകൃതിയിൽ ഉള്ള പ്രതലത്തിന് കുറഞ്ഞത് 18 cm എങ്കിലും നീളമുണ്ടാകണം

> L എന്ന ലെറ്റർ ൻ്റെ ഉയരം 10 cm ലും വീതി 9 cm ലും വണ്ണം 2 cm ലും കുറയാൻ പാടില്ല.

● Rule 4 - അഡ്രസ്സും വയസും തെളിയിക്കാനുള്ള രേഖകളെ പറ്റി പ്രതിപാദിക്കുന്നു അഡ്രസ്സും വയസ്സും തെളിയിക്കാനുള്ള രേഖകളായി കണക്കാക്കുന്നവ:

1) ജനന സർട്ടിഫിക്കറ്റ്

2) സ്കൂൾ സർട്ടിഫിക്കറ്റ്

Ablearns

3) ആധാർ കാർഡ്

4) ഇലക്ഷൻ ഐഡി

5) ലൈഫ് ഇൻഷുറൻസ് പോളിസി

6) പാസ്പോർട്ട്

7) തദ്ദേശസ്ഥാപനം, സംസ്ഥാന ഗവൺ മെന്റ് അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റ് ഓഫീസിൽ നിന്നും ലഭിച്ച പേ സ്ലിപ്പ് (pay slip)

8) സിവിൽ സർജനിൽ കുറയാത്ത രജി സ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ നൽ കുന്ന വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

9) വകുപ്പ് 28 ലെ ക്ലോസ് (k) പ്രകാരം സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന രേഖയോ രേഖകളോ.

> വിദേശികളുടെ കാര്യത്തിൽ പ്രൂഫ് ഓഫ് റെസിഡൻസിന് പുറമേ പ്രൂഫ് ഓഫ് ലീഗൽ പ്രസൻസ് കൂടി വേണം. മതിയായ കാരണങ്ങളാൽ അപേക്ഷകന് മുകളിൽ സൂചിപ്പിക്കുന്ന രേഖകൾ ഒന്നും ഹാജരാക്കാൻ കഴിയുന്നില്ലെങ്കിൽ അപേക്ഷകൻ തൻ്റെ വയസ്സും, വിലാസവും തെളിയിക്കുന്നതിനായി

1) എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്

2) ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്

3) ജുഡീഷ്യൽ മജിസസ്ട്രേറ്റ് അല്ലെങ്കിൽ നോട്ടറി മുമ്പാകെ നടത്തിയ സത്യപ്രസ്താവന, ലൈസൻസിംഗ് അതോറിറ്റിക്ക് സ്വീകരിക്കാവുന്നതാണ്

- Rule 5 - മെഡിക്കൽ സർട്ടിഫിക്കറ്റിനെ കുറിച്ച പ്രതിപാദിക്കുന്നു.

Ahlearns

> ലേണേഴ്സ് ലൈസൻസിനോ, ഡ്രൈവിംഗ് ലൈസൻസിനോ അല്ലെങ്കിൽ ലൈസൻസിൽ മറ്റൊരു ക്ലാസ് വാഹനം കൂട്ടിച്ചേർക്കുവാനോ അല്ലെങ്കിൽ പുതുക്കുവാനോ ഉള്ള അപേക്ഷയോടൊപ്പം ശാരീരിക ക്ഷമത (Physical Fitness) Form 2-ൽ പറഞ്ഞിരിക്കുന്ന സ്ഥലത്ത് സ്വയം സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ് (Non Transport Vehicle)

> ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓടിക്കുവാൻ ഉള്ള മെഡിക്കൽ ഫിറ്റ്നസ് Form 1A യിൽ ഒരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ ആണ് നൽകുന്നത്.

> എന്നാൽ 40 വയസ്സോ അതിൽ കൂടുതലുള്ള ഏതൊരാളും ഏതു വാഹനമായാലും (ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട്) അപേക്ഷയോടൊപ്പം Form 1A സമർപ്പിക്കണം.

> Form 1A യുടെ കാലാവധി - 6 മാസം

- Rule 8 - ട്രാൻസ്പോർട്ട് വാഹനം ഓടിക്കാനുള്ള മിനിമം യോഗ്യത.

> മോട്ടോർ വാഹന നിയമം 2019 ഭേദഗതിയിലൂടെ മിനിമം യോഗ്യത എന്നത് എടുത്തുമാറ്റപ്പെട്ടു. നിലവിൽ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത ഇല്ല (ഈ റൂൾ ഇപ്പോൾ നിലവിൽ ഇല്ല)

- Rule 9 - ഹസാർഡ് വാഹനങ്ങൾ ഓടിക്കുന്നതിനുള്ള പരിശീലനത്തെയും യോഗ്യതയെയും പറ്റി പ്രതിപാദിക്കുന്നു.

> ഹസാർഡ് വാഹനങ്ങൾ ഓടിക്കുന്ന വ്യക്തി ഇന്ത്യൻ ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽ (പട്ടികയിൽ) പറഞ്ഞിരിക്കുന്ന ഏതെങ്കിലും ഒരു ഇന്ത്യൻ ഭാഷയും

Ahlearns

ഇംഗ്ലീഷും എഴുതുവാനും വായിക്കുവാനും അറിഞ്ഞിരിക്കണം.

> കൂടാതെ ഒരു ഗവൺമെൻ്റ് അംഗീകൃത സ്ഥാപനത്തിൽ നിന്നും നിർദ്ദിഷ്ട സിലബസിൽ കോഴ്സ് പൂർത്തിയാക്കിയ സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം.

> ഹസാർഡ് ലൈസൻസ് ലഭിക്കുവാൻ വേണ്ട കോഴ്സിന്റെ ട്രെയിനിംഗ് കാലാവധി - 3 ദിവസം

> സ്റ്റേറ്റ് ഗവൺമെൻ്റ് അംഗീകൃത സ്ഥാപനങ്ങൾക്കാണ് ഹസാർഡ് ഗുഡ്സ് ലൈസൻസ് കോഴ്സ് നടത്തുവാൻ യോഗ്യത.

●Rule 15 - ഡ്രൈവിംഗ് ടെസ്റ്റിനെ പറ്റി പ്രതിപാദിക്കുന്നു.

> ലേണേഴ്സ് ലൈസൻസ് ലഭിച്ച് കുറഞ്ഞത് 30 ദിവസം കഴിഞ്ഞാൽ മാത്രമേ ഡ്രൈവിംഗ് ടെസ്റ്റിന് പങ്കെടുക്കുവാൻ കഴിയുകയുള്ളൂ. [Rule 15 (1)]

> Rule 15 (3) - അപേക്ഷകൻ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്ന വ്യക്തിയെ ചുവടെ നൽകിയിരിക്കുന്ന കാര്യങ്ങൾ ബോധ്യപ്പെടുത്തേണ്ടതാണ്.

(a) റിയർവ്യൂമിറർ ശരിയായി വയ്ക്കൽ (Adjust Rear View Mirror)

(b) എൻജിൻ സ്റ്റാർട്ട് ആക്കുന്നതിന് മുമ്പ് മതിയായ മുൻകരുതൽ എടുക്കുക.

(c) സുരക്ഷിതമായും സ്മൂത്ത് ആയും വാഹനം ഓടിക്കുകയും അതോടൊപ്പം ഗിയറുകൾ ടോപ്പ് ഗിയർ വരെ മാറ്റുകയും ചെയ്യുക.

Ahlearns

(d) ട്രാഫിക്കിന്റെ അവസ്ഥയ്ക്ക് അനു സരിച്ച് പെട്ടെന്ന് തന്നെ ടോപ്പ് ഗിയറിൽ നിന്ന് ലോവർ ഗിയറിലേക്ക് മാറുക.

(e) താഴേക്ക് വാഹനം ഓടിക്കുമ്പോൾ പെട്ടെന്ന് തന്നെ ലോവർ ഗിയറിലേക്ക് വരിക

(f) ഒരു ചരിഞ്ഞ പ്രദേശത്ത് വാഹനം നിർത്തുകയും റീസ്റ്റാർട്ട് ചെയ്യുകയും ചെയ്യുമ്പോൾ പുറകിലേക്ക് വാഹനം ഉരുളാത്ത രീതിയിൽ ഹാൻഡ് ബ്രേക്ക് ഉപയോഗിക്കുക അല്ലെങ്കിൽ ത്രോട്ടിലും (Accelerator) ഫുട്ട്ബ്രേക്കും ഉപയോഗിക്കുക.ഇടത്തേക്കും വലത്തേക്കും ശരിയായി വാഹനം തിരിക്കുകയും സിഗ്നൽ ഉപയോഗിക്കുന്നതിന് മുൻപ് റിയർവ്യൂ മിററുകൾ ശരിയായി ഉപ യോഗിക്കുകയും ചെയ്യുക.

(g) ഓവർടേക്ക് ചെയ്യുക, ചെയ്യാൻ അനുവദിക്കുക, മറ്റു വാഹനങ്ങളുടെ പാതയിലേക്ക് കയറുക എന്നീ പ്രവർത്തനങ്ങൾ സുരക്ഷിതമായി ശരിയായ ജാഗ്രതയോടെ മതിയായ സിഗ്നൽ നൽകി നിർവഹിക്കുക.

(h) ഉചിതമായ സമയത്ത് ഉചിതമായ സിഗ്നൽ തെറ്റുപറ്റാതെ കൈകൊണ്ടോ അല്ലെങ്കിൽ ഇലക്ട്രോണിക് ഉപകരണം മുഖേനയോ നൽകുക

(i) ശരിയായ സിഗ്നൽ ഉപയോഗിച്ച് ശ്രദ്ധയോടെ ലൈൻ (Lane) മാറുക.

(j) വാഹനം അടിയന്തരമായോ അല്ലാതെയോ റോഡിൻ്റെ ഉചിതമായ ഭാഗത്ത് ഉചിതമായ സിഗ്നൽ കാട്ടി നിർത്തുക.

(k) വാഹനം റിവേഴ്സ് ഗിയറിട്ട് ശരിയായ കൃത്യതയോടെ പിന്നിലേക്ക് ഓടിക്കുക

Ahlearns

(l) ഫോർവേഡ് റിവേഴ്സ് ഗിയറുകൾ ഇട്ട് വാഹനത്തിന്റെ ദിശ മാറ്റുക.

(m) പോലീസുകാരോ മറ്റു റോഡ് ഉപയോ ക്താക്കളോ ട്രാഫിക് കൺട്രോളർ മാരോ ട്രാഫിക് സിഗ്നലോ ട്രാഫിക് സൈനുകളോ നൽകുന്ന സൈനുകൾക്കനുസരിച്ച് ശരിയായി പെട്ടെന്ന് തീരുമാനങ്ങൾ എടുക്കുക.

n) കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ച് കടക്കാൻ ഉള്ള സ്ഥലങ്ങളിൽ ശരിയായ രീതിയിൽ ഇടപെടുക. ട്രാഫിക് ലൈറ്റോ ട്രാഫിക് പോലീസോ നിയന്ത്രിക്കാൻ ഇല്ലാത്ത സ്ഥലങ്ങളിൽ കാൽനട യാത്രക്കാർക്ക് മുൻഗണന നൽകുക.

(o) സാധാരണ അവസരങ്ങളിൽ ഇടത് ചേർന്ന് ഓടിക്കുക.

(p) ഓടിക്കുന്ന റോഡിൻ്റെയും ട്രാഫിക്കിന്റെയും അവസ്ഥ അനുസരിച്ച് വേഗത നിയന്ത്രിക്കുക.

(q) ആത്മവിശ്വാസത്തോടുകൂടിയ സ്റ്റീയറിംഗ് ഉപയോഗം, സ്മൂത്ത് ഗിയർ ചെയ്ഞ്ചിങ്, ആവശ്യമുള്ള സമയത്ത് ബ്രേക്ക് ഉപയോഗിക്കൽ എന്നിവ കാണിക്കുക.

(r) സിഗ്നൽ നൽകുന്നതിനും ഓവർടേക്ക് ചെയ്യുവാനായി റോഡിൻ്റെ ഒരു ഭാഗം കയറുന്നതിനും വലത്തോട്ട് തിരിയുന്നതിനും നിർത്തുന്നതിനും മുമ്പ് റിയർവ്യൂ മിറർ ശരിയായി ഉപയോഗിക്കുക.

(s) നേരെ ഓടിക്കുമ്പോഴും ഇടത് തിരിയുമ്പോഴും ജംഗ്ഷനിലും റോഡിന്റെ ഉചിതമായ വശം ഉപയോഗിക്കുക.

(t) ആക്സിലേറ്റർ, ക്ലച്ച്, ബ്രേക്ക്, ഗിയർ, സ്റ്റിയറിങ്, ഹോൺ എന്നിവ ശരിയായി ഉപയോഗിക്കുക.

AhLearns

(u) കാൽനടയാത്രക്കാർ, മറ്റ് വാഹനങ്ങളിലെ ഡ്രൈവർമാർ, സൈക്കിൾ യാത്രക്കാർ എന്നിവരുടെ പ്രവൃത്തി മുൻകൂട്ടി കണക്കാക്കുക.

(v) ക്രോസ് റോഡിലും റോഡ് ജംഗ്ഷനിലും വേണ്ട മുൻകരുതൽ:-

1. വേഗത നിയന്ത്രിക്കുക.

2. റിയർവ്യൂ മിറർ ശരിയായി ഉപയോഗിക്കുക.

3. ഇടത്തോട്ടോ, വലത്തോട്ടോ, തിരിയുന്നതിനുമുമ്പ് വാഹനം ശരിയായ സ്ഥാനത്ത് നിലനിർത്തുക.

4. വലത് കോർണറുകൾ കട്ട് ചെയ്യുന്നത് ഒഴിവാക്കുക.

5. ഇടതും വലതും മാറി മാറി നോക്കുക

(w) ഡ്രൈവിംഗിൽ തന്നെ എപ്പോഴും ശ്രദ്ധ ചെലുത്തുക.

(x) കാൽനട യാത്രക്കാർ, മറ്റ് വാഹന ഉപയോക്താക്കൾ എന്നീ റോഡ് ഉപഭോക്താക്കളുടെ സുരക്ഷയ്ക്കും സൗകര്യത്തിനും മതിയായ പരിഗണനയും മര്യാദയും കാണിക്കുക.

Ahlearns